**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന വിഹിതത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട് വിഹിതം സംസ്ഥാന നികുതി വരുമാനത്തിന്റെ 6 ശതമാനമായിരുന്നത് 6.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികസനഫണ്ട് വിഹിതം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26ശതമാനമായിരുന്നത് 26.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം ₹7180 കോടി രൂപയായിരുന്നു. ഈ വർഷം ആയത് ₹8048 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ തദ്ദേശ സ്വയംഭണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം വർദ്ധിപ്പിക്കുകയാണ്ചെയ്തിട്ടുള്ളത്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ഉപാധിരഹിത ഫണ്ട് (untied fund), ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2021-22 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്നും 4.0 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്ലാൻഫണ്ട് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നൽകാവുന്ന സബ്സിഡി /ധനസഹായം സംബന്ധിച്ചും 19.04.2022 ലെ സ.ഉ.(കൈ) നം. 84/2022/ തസ്വഭവ, 19.04.2022 ലെ സ.ഉ.(കൈ) നം. 86/2022/തസ്വഭവ., 28.05.2022 തീയതിയിലെ സ.ഉ.(കൈ)115/2022/തസ്വഭവ എന്നിവ പ്രകാരം പുതുക്കിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡി.പി.സി. ക്ക് നൽകുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ കാലതാമസം വരുന്നതിനാൽ, പദ്ധതികൾ | (സി) | തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കാലതാമസം കൂടാതെ തന്നെ ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം |

| | | | |
|---|---|---|---|
| | സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ ? | | നൽകി വരുന്നുണ്ട്. പ്രോജക്ടുകൾക്ക് വെറ്റിംഗ് അംഗീകാരം നൽകേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരാണ്. സമയബന്ധിതമായി ഈ പ്രക്രിയ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ബഹു.മന്ത്രിയുടെ നേതൃത്വത്തിലുള്ള അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ